## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3864 19/03/2018 ൽ മറുപടിയ്ക്ക്

## അൺ എയ്ഡഡ് സ്കൂളുകളിലെ അക്കാദമിക നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. ഐ. ബി. സതീഷ്<br>ശ്രീ.പി.കെ. ശശി<br>ശ്രീ. പുരുഷൻ കടലുണ്ടി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിലെ അക്കാദമിക നിലവാരം, അദ്ധ്യാപകരുടെ യോഗ്യത, ശമ്പളം എന്നിവ പരിശോധിക്കാനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അക്കാദമിക നിലവാരം പരിശോധിക്കാനും പോരായ്മകൾ പരിഹരിക്കാനുള്ള നിർദ്ദേശം നല്കുവാനും വിദ്യാഭ്യാസ ഓഫീസർമാർക്ക് അധികാരമുണ്ട്. ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവരുടെ അധികാരപരിധിയിൽ ഉൾപ്പെടുന്ന സ്കൂളുകളിലെല്ലാം ഭരണപരവും അക്കാദമികവുമായ പരിശോധന നടത്തണമെന്ന് കെ.ഇ.ആർ അധ്യായം XV, ചട്ടം 9-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കെ.ഇ.ആർ അധ്യായം XIV -AA, ചട്ടം 1 (a) പ്രകാരം, സർക്കാർ സ്കൂളിലെ അധ്യാപകരുടെ യോഗ്യതകൾ തന്നെയാണ് അംഗീകൃത അൺ എയ്ഡഡ് സ്കൂളിലെ അധ്യാപകർക്കും ബാധകമാകുന്നത്.<br><br>അംഗീകൃത അൺ എയ്ഡഡ് സ്കൂളിലെ അൺ എയ്ഡഡ് സ്കൂളിലെ ജിവനക്കാരുടെ ശമ്പളം എല്ലാ മാസവും ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിലെ മാനേജ്മെന്റിന്റെ അക്കൗണ്ടിൽ നിന്ന് ചെക്കായി നല്കണമെന്ന് കെ.ഇ.ആർ |

അധ്യായം XIV -AA, ചട്ടം 2-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള വേതനം ജീവനക്കാർക്ക് ലഭിക്കുന്നുണ്ടോയെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറും, വിദ്യാഭ്യാസ ഉപഡയറക്ടർമാരും, ജില്ലാ, ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പ് വരുത്തണമെന്ന് സർക്കാർ നിർദ്ദേശവും നല്കിയിട്ടുണ്ട്. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളുടെ അവകാശ (കേരള) ചട്ടങ്ങളിലെ 17-ാം ചട്ടത്തിൽ അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ ശമ്പളം സർക്കാർ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ